പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 349 | 26.06.2012-ൽ മറുപടിക്ക്

## പി.എസ്.ഇ.ബി യുടെ രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ നിരീക്ഷിയ്ക്കുന്നതിനായി പി.എസ്.ഇ.ബി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) ഉണ്ട്; പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ലാഭകരമാക്കാനും കാര്യക്ഷമതയും പ്രൊഫഷണലിസവും ഉറപ്പുവരുത്തുവാനും കമ്പനികളുടെ പ്രവർത്തനം അവലോകനം നടത്തുവാനും ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലും യോഗ്യതയും പരിചയ സമ്പത്തും ഉള്ളവരെ തിരഞ്ഞെടുക്കുവാനും നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡും സംയോജിപ്പിച്ച് ഒരു പബ്ലിക് സെക്ടർ എന്റർപ്രൈസസ് ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പൊതുമേഖലാ സ്ഥാപനങ്ങളിൽ സമഗ്രമായ പ്രവർത്തന അവലോകന സംവിധാനം ഏർപ്പെടുത്തുക, പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള നൂതന സംവിധാനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, കേന്ദ്രീകൃതമായി നിയമനങ്ങൾ നടത്തുന്നതിനുള്ള സംവിധാനം നടപ്പിലാക്കുക, ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലും യോഗ്യതയും പരിചയസമ്പത്തും ഉള്ളവരെ കണ്ടെത്തുക എന്നിവയാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |

| | |
|---|---|
| (ബി) പൊതുമേഖലാ സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പബ്ലിക് സെക്ടർ എൻറർപ്രൈസസ് ബോർഡ് (PSEB) മുഖേന നിർവ്വഹിക്കുവാൻ വിഭാവന ചെയ്തിരിക്കുന്ന ചുമതലകൾ ചുവടെ ചേർക്കുന്നു. |

- ➢ വാണിജ്യ, ക്ഷേമ, ഉപയുക്ത മേഖലകളിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലും, സർക്കാരിൽ നിന്നും കൂടുതൽ ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങളിലും സർക്കാരിൻെറ ഫലപ്രദമായ ഇടപെടൽ ഉറപ്പുവരുത്തുക.

- ➢ സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളുടെ കോർപ്പറേറ്റ് ഗവേണൻസ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള ഉന്നതതല നടപടികൾ സ്വീകരിക്കുക.

- ➢ കമ്പനികളുടെ മാനേജിംഗ് ഡയറക്ടേഴ്സിൻെറ നിയമനം, ഡയറക്ടർ ബോർഡുകളിൽ സ്വതന്ത്ര ഡയറക്ടർമാർ, Functional ഡയറക്ടർമാർ, സീനിയർ മാനേജ്മെൻറ് തലത്തിലുള്ള ഉദ്യോഗസ്ഥരുടെ നിയമനം എന്നിവയ്ക്കായി വളരെ സുതാര്യവും ക്രമീകൃതവുമായ സംവിധാനം നടപ്പിലാക്കുക

- ➢ പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണം, പുതിയ പദ്ധതികൾ, വൈവിദ്ധ്യവൽക്കരണം/വിപുലീകരണം എന്നിവയിന്മേൽ സർക്കാരിന് ഉപദേശം നൽകുക

- ➢ പൊതുമേഖലാസ്ഥാപനങ്ങൾക്കായി പൊതുവായ ഒരു Common Management Cadre സംവിധാനം നടപ്പിലാക്കുക

- ➢ പൊതുമേഖലാ സ്ഥാപനങ്ങളിൽ MoU System, ധനവിനിയോഗം, ഉൽപ്പാദനക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിനായി സമഗ്രമായ പ്രവർത്തന അവലോകന സംവിധാനം നടപ്പിൽ വരുത്തുക.

- ➢ കാര്യക്ഷമമായി മാനേജ്മെൻറ് ആഡിറ്റ് നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആവിഷ്ക്കരിക്കുക, ബോർഡ് തലത്തിലുള്ള ആഡിറ്റ് കമ്മിറ്റികളുടെ പ്രവർത്തനം നിരീക്ഷിക്കുക

- പൊതുമേഖലാസ്ഥാപനങ്ങളിൽ മാനവവിഭവശേഷി കാര്യക്ഷമമാക്കത്തക്ക വിധത്തിലുള്ള പരിശീലനപരിപാടികൾ ആവിഷ്ക്കരിക്കുകയും അവയുടെ നിരീക്ഷണവും നടത്തുക.

- പൊതുമേഖലാസ്ഥാപനങ്ങളിൽ സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ശുപാർശനൽകുക, അവയുടെ പ്രവർത്തനം അവലോകനം നടത്തുക

- പൊതുമേഖലാ സ്ഥാപനങ്ങളിൽ വിവരസാങ്കേതിക വിദ്യയുടെ കാര്യക്ഷമമായ ഉപയോഗം, e-governance, e-procurement എന്നിവ നടപ്പിൽ വരുത്തുന്നതിനുള്ള ശുപാർശ നൽകുക, അവയുടെ നിരീക്ഷണം നടത്തുക.

- പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരെ കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കുക

Ajitha B

സെക്ഷൻ ഓഫീസർ